എല്ലാ രാഷ്ട്രീയ കക്ഷികളിലും പെടുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരടങ്ങിയ ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുമോ?

ഉത്തരം

(എ) 1991-ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് 5,93,676 പട്ടിക ജാതി കുടുംബങ്ങളും 69,441 പട്ടികവർഗ്ഗ കുടുംബങ്ങളുമുണ്ട്.

(ബി) സ്വന്തമായി വീടും ഭൂമിയുമുള്ള 4,43,676 പട്ടികജാതി കുടുംബങ്ങളും 54441 പട്ടികവർഗ്ഗ കുടുംബങ്ങളും ഉണ്ട്.

(സി) വീടില്ലാത്ത 1.5 ലക്ഷം പട്ടികജാതിക്കാരും 15,000 പട്ടികവർഗ്ഗക്കാരും ഉള്ളതായി കണക്കാക്കപ്പെടുന്നു.

ഇവർക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നതിന് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നു. പദ്ധതിയുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) 9-ാം പദ്ധതിയുടെ അവസാനത്തോടെ എല്ലാ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും വീട് വച്ച് നൽകാനുണുദ്ദേശിക്കുന്നത്.

(ഇ) പട്ടികജാതിക്കാർക്കുവേണ്ടി ഏകദേശം 525 കോടി രൂപ ചെലവും പട്ടികവർഗ്ഗക്കാർക്ക് 51 കോടി രൂപ ചെലവും വരുമെന്ന് കണക്കാക്കപ്പെടുന്നു.

(എഫ്) സർക്കാരിന്റെ വിവിധ വകുപ്പുകളെയും പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെയും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെയുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

(ജി) ഇക്കാര്യം പരിഗണനാർഹമല്ല.

2 (2380) പട്ടികജാതി പിന്നോക്ക വിഭാഗങ്ങൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 1998-99 സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകളിലൂടെ ആകെ എത്ര തുക ചെലവാക്കിയിട്ടുണ്ട്;

(ബി) ജില്ലാ പഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമ പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികൾ കോർപ്പറേഷനുകൾ എന്നിവ ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതിൽ ആദിവാസി വിഭാഗങ്ങൾക്കു വേണ്ടി എത്രമാത്രം തുക ചെലവാക്കി എന്നതിന്റെ വിശദമായ കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി ക്ഷേമത്തിനായി 25882 ലക്ഷം രൂപയും പട്ടികവർഗ്ഗ ക്ഷേമത്തിന് 4666 ലക്ഷം രൂപയും

(ബി)ആന്റ്(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly